**GOVERNMENT OF KERALA**
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

# FARM INFORMATION BUREAU

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

**21-06-2021**

## കാർഷികവാർത്തകൾ

1. **പ്രധാനമന്ത്രി വിള ഇൻഷുറൻസ് പദ്ധതിയിലും കാലാവസ്ഥാധിഷ്ഠിതവിള ഇൻഷുറൻസ്** പദ്ധതിയിലും കർഷകർക്ക് ജൂലൈ 31-ാം തീയതിയ്ക്ക് മുമ്പായി ചേരാവുന്നതാണ്. www.pmfy.gov.in എന്ന വെബ്സൈറ്റിൽ ഓൺലൈനായും, ഡിജിറ്റൽ സേവാകേന്ദ്രങ്ങൾ വഴിയും, തിരഞ്ഞെടുക്കപ്പെട്ട അക്ഷയകേന്ദ്രങ്ങൾ വഴിയും പദ്ധതിയിൽ അപേക്ഷിക്കാവുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക് **0471-2334493** എന്ന നമ്പരിലോ, അഗ്രിക്കൾച്ചർ ഇൻഷുറൻസ് കമ്പനിയുടെ **1800-425-7064** എന്ന ടോൾഫ്രീ നമ്പരിലോ ബന്ധപ്പെടാവുന്നതാണ്.

2. **സംസ്ഥാന വിള ഇൻഷുറൻസ് പദ്ധതി** പ്രകാരം ജില്ലയിലെ എല്ലാ കർഷകരുടെയും വിളകൾ ഇൻഷൂർ ചെയ്യാവുന്നതാണ്. ആയതിനായി അതാത് കൃഷിഭവനുമായി ബന്ധപെടേണ്ടതാണെന്ന് കോഴിക്കോട് ജില്ല പ്രിൻസിപ്പൽ കൃഷി ഓഫീസർ അറിയിക്കുന്നു.

3. **റബ്ബർബോർഡ് കോൾസെന്റർ**

റബ്ബറിന്റെ ശാസ്ത്രീയ വളപ്രയോഗശുപാർശകൾ, ഓൺലൈൻ വളപ്രയോഗശുപാർശ എന്നിവയെക്കുറിച്ചുള്ള സംശയങ്ങൾക്ക് റബ്ബർ ബോർഡ് കോൾസെന്ററുമായി ബന്ധപ്പെടാം. ഇന്ത്യൻ റബ്ബർ ഗവേഷണകേന്ദ്രത്തിലെ സീനിയർ സയിന്റിസ്റ്റ് ഡോ. പി.

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

പ്രസന്നകുമാരി ഇന്ന് രാവിലെ 10 മണി മുതൽ ഉച്ചയ്ക്ക് ഒരു മണി വരെ മറുപടി നൽകുന്നതാണ്. കോൾസെന്റർ നമ്പർ **04812576622.**

**4. കർഷകർക്ക് ഹ്രസ്വകാലവായ്പ**

കോവിഡ് വ്യാപന പശ്ചാത്തലത്തിൽ കാലിക കാർഷിക പ്രവൃത്തികൾ ആരംഭിക്കുന്നതിനായി പ്രാഥമിക സഹകരണ സംഘങ്ങൾ കേരളാ ഗ്രാമീൺ ബാങ്ക് എന്നീ സ്ഥാപനങ്ങൾ മുഖേന കർഷകർക്ക് ഹ്രസ്വകാലവായ്പ അനുവദിക്കുന്നു. വായ്പയുടെ പലിശ നിരക്ക് 6.4% ആണ് . കാലാവധി ഒരു വർഷമാണ്. കുടുതൽ വിവരങ്ങൾക്ക് അതാത് കൃഷിഭവനുമായോ സഹകരണ സ്ഥാപനവുമായോ ബന്ധപ്പെടാവുന്നതാണ്.

**5. അറിയിപ്പ്**

കേരള സർക്കാർ മൃഗസംരക്ഷണ വകുപ്പ് വഴി നടപ്പിലാക്കുന്ന വാണിജ്യാടി സ്ഥാനത്തിലുള്ള ആട് വളർത്തൽ പദ്ധതിയിലേക്ക് ആടുവളർത്തലിൽ മുൻപരിചയമുള്ളവരിൽ നിന്നും അപേക്ഷകൾ ക്ഷണിക്കുന്നു. അപേക്ഷ സമർപ്പിക്കുന്നതിനുള്ള അവസാന തീയതി ജൂലൈ 15 ആണ്. കൂടുതൽ വിവരങ്ങൾക്ക് അടുത്തുള്ള മൃഗാശുപത്രിയുമായി ബന്ധപ്പെടുക.

**ഓൺലൈൻ പരിശീലനങ്ങൾ**

6. ക്ഷീരവികസന വകുപ്പിന്റെ വലിയതുറ സ്റ്റേറ്റ് ഫോഡർ ഫാമിനോടനുബന്ധിച്ചുള്ള 'തീറ്റപ്പുൽകൃഷി വികസന പരിശീലന കേന്ദ്ര'ത്തിൽ വച്ച് ഈ മാസം 22,24 തീയതികളിൽ **ആദായകരമായ പാലുൽപാദനത്തിന് തീറ്റപ്പുൽകൃഷി** എന്ന വിഷയത്തിൽ ക്ഷീരകർഷകർക്കായി ഗൂഗിൾ മീറ്റ് മുഖേന പരിശീലന പരിപാടി സംഘടിപ്പിച്ചിരിക്കുന്നു.

പങ്കെടുക്കാൻ താൽപര്യമുള്ളവർ ഇനി പറയുന്ന ഫോൺ നമ്പരിലോ ഇ-മെയിൽ വിലാസത്തിലോ ബന്ധപ്പെടേണ്ടതാണ്. ഫോൺ നമ്പർ: **940083181,** ഇ-മെയിൽ: sfftraining2021@gmail.com.

7. **ആലുവ മൃഗസംരക്ഷണ പരിശീലന കേന്ദ്രത്തിൽ വച്ച്** ഈ മാസം 25-ന് ക്യാറ്റിൽ ഫാം മാനേജ്മെന്റ്, 30-ന് നായ്ക്കളിലെ പ്രത്യുത്പാദനവും പ്രജനന രീതികളും എന്നീ വിഷയങ്ങളിൽ ഗൂഗിൾമീറ്റ് മുഖേന പരിശീലനം സംഘടിപ്പിച്ചിരിക്കുന്നു. താത്പര്യമുള്ള കർഷകർ **9188522708** എന്ന നമ്പരിൽ ബന്ധപ്പെടേണ്ടതാണ്.

**8.** റബ്ബർതോട്ടങ്ങളിലെ ഇടവിളക്കൃഷിയിൽ റബ്ബർ ട്രെയിനിങ് ഇൻസ്റ്റിറ്റ്യൂട്ട് ഓൺലൈൻ പരിശീലനം നടത്തുന്നു. ഈ മാസം 22-ന് ഉച്ച കഴിഞ്ഞ് 2.30 മുതൽ 4.30 വരെയാണ് പരിശീലനം. പരിശീലനമാധ്യമം മലയാളം ആയിരിക്കും. കൂടുതൽ വിവരങ്ങൾക്ക് **04812353127** എന്ന ഫോൺ നമ്പറിലോ **7994650941** എന്ന വാട്സ്ആപ്പ് നമ്പറിലോ ബന്ധപ്പെടുക.

9. **തിരുവനന്തപുരം കുടപ്പനക്കുന്ന് മൃഗസംരക്ഷണ പരിശീലന കേന്ദ്രത്തിൽ** വച്ച് ഈ മാസം 23, 24 തീയതികളിൽ എരുമവളർത്തൽ എന്ന വിഷയത്തിൽ ഓൺലൈൻ പരിശീലനം സംഘടിപ്പിച്ചിരിക്കുന്നു. കൂടുതൽ വിവരങ്ങൾക്ക് കർഷകർക്ക് പ്രവർത്തി ദിവസങ്ങളിൽ **0471-2732918, 9188522701** എന്നീ നമ്പറുകളിൽ ബന്ധപ്പെടുക

**10.** തിരുവല്ല മഞ്ഞാടിയിലെ ഡക്ക് ഹാച്ചറി ആൻഡ് ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ടിന്റെ ആഭിമുഖ്യത്തിൽ ഈ മാസം 22-ന് കാട വളർത്തൽ, 24,25 തീയതികളിൽ മുട്ടക്കോഴി

വളർത്തൽ എന്നീ വിഷയങ്ങളിൽ സൗജന്യ ഓൺലൈൻ പരിശീലനം നൽകുന്നു. കൂടുതൽ വിവരങ്ങൾക്ക് ഇനി പറയുന്ന നമ്പരിൽ ബന്ധപ്പെടുക. **9188522711.**

11. **ക്ഷീരവികസനവകുപ്പിന്റെ തിരുവനന്തപുരം** ക്ഷീര പരിശീലനകേന്ദ്രത്തിൽ വച്ച് ഈ മാസം 25-ന് ക്ഷീരസംഘങ്ങൾക്കു വേണ്ടി പരിശീലനം നടത്തുന്നു. കൂടുതൽ വിവരങ്ങൾക്കായി ഇനി പറയുന്ന നമ്പരിൽ ബന്ധപ്പെടാവുന്നതാണ്. **04712440911, 9446559818**

ഫാം ഇൻഫർമേഷൻ ബ്യൂറോ,